(ബി) ഇത്തരത്തിലൊരു വാചകം പ്രസ്തുത പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്താൻ ഇടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തി അതിന്. ഉത്തരവാദികളായവരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ എന്തുനടപടി സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനം അതേപടി പുനഃപ്രസിദ്ധീകരിക്കുകയാണ് ചെയ്തത്.

ഐ.ടി. മിഷൻ കേരളയുടെ പ്രവർത്തനം

76. [841] ശ്രീ. എം.എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഐ.ടി. മിഷൻ കേരളയുടെ പ്രവർത്തനം സംബന്ധിച്ച് നാളിതുവരെ എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഐ.ടി. മിഷൻ കേരളയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ നിർദ്ദേശിച്ച് ഇതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഐ.ടി. മിഷന്റെ നിലവിലുള്ളതും, പ്രാവർത്തികമാക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ചും, ഐ.ടി. മിഷൻ നേതൃത്വം നൽകി നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചും വിശകലനം ചെയ്യുന്നതിനായി സെക്രട്ടറി, (ഇൻഫർമേഷൻ ടെക്നോളജി) അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ, മിനിസ്റ്റർ, ഇൻഫർമേഷൻ ടെക്നോളജി (ബഹു. മുഖ്യമന്ത്രി) അദ്ധ്യക്ഷതയിൽ ജനറൽ ബോഡി കമ്മിറ്റിയും കാലാകാലങ്ങളിൽ അവലോകനം നടത്താറുണ്ട്.

ഐ.ടി. കയറ്റുമതി

77. [842] ശ്രീ. സി.ടി. അഹമ്മദ്അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഐ.ടി. കയറ്റുമതി രംഗത്തെ പുരോഗതി വ്യക്തമാക്കുമോ ;

ചോദ്യം നമ്പർ (840)ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly